# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 7928

16.07.2014 ൽ മറുപടിയ്ക്ക്

## 'കേപ്പ്' ജീവനക്കാരുടെ പ്രതിനിധികളുമായി നടത്തിയ ചർച്ച

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) 'കേപ്പ്' സ്റ്റാഫ് അസോസിയേഷൻ 2012 ഡിസംബർ ഒന്ന് മുതൽ 2013 ജനവരി മൂന്ന് വരെ കേപ്പ് ഹെഡ് ഓഫീസിന് മുന്നിൽ നടത്തിയ സമരത്തിന്റെ പശ്ചാത്തലത്തിൽ 03.01.2013 ൽ ജീവനക്കാരുടെ പ്രതിനിധികളുമായി കേപ്പ് ഡയറക്ടർ നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ; | (എ) കേപ്പിലെ വിവിധ സർവീസ് സംഘടനാ പ്രതിനിധികളുമായി 03.01.2013 ൽ കേപ്പ് ഡയറക്ടർ നടത്തിയ ചർച്ചയിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.<br>1. സ്റ്റാഫ് നഴ്സ്, ലാബ് അസിസ്റ്റന്റ്, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ വിഭാഗം ജീവനക്കാർക്ക് പരിയാരം മെഡിക്കൽ കോളേജിൽ ഇപ്പോൾ നിലവിലുള്ള നിരക്കിൽ ശമ്പള വർദ്ധനവ് അനുവദിക്കാൻ തീരുമാനിച്ചു.<br>2. ചില തർക്കങ്ങളുടെ പശ്ചാത്തലത്തിൽ അപേക്ഷ നൽകിയ പ്രകാരം സ്ഥലം മാറ്റപ്പെട്ട ശ്രീ. ചെമ്പക് കുമാർ (അസി. പ്രൊഫസർ) തുടങ്ങിയ നാല് ജീവനക്കാർക്ക് അവർക്കെതിരെ അച്ചടക്ക നടപടി നിലവിലില്ലെങ്കിൽ മറ്റ് ജീവനക്കാർക്ക് അസൗകര്യം ഉളവാക്കാത്ത രീതിയിൽ വേക്കൻസി പൊസിഷൻ അനുസരിച്ച് നേരത്തെ ജോലി ചെയ്തിരുന്ന കോളേജിലല്ലാതെ സ്ഥലംമാറ്റം അനുവദിക്കാൻ തീരുമാനിച്ചു.<br>3. കേപ്പിൽ നിലവിലുള്ള ലീവ് സറണ്ടർ അവകാശം 20 ൽ നിന്ന് 25 ദിവസമായി ഉയർത്താൻ തീരുമാനിച്ചു. |

4. ജീവനക്കാരുടെ വ്യക്തിപരമായ ഭവന, വാഹന, ചികിത്സാ ആവശ്യങ്ങൾക്കായി അവരുടെ തിരിച്ചടക്കുന്നതിലുള്ള കഴിവ് കണക്കിലെടുത്തുകൊണ്ട് ലയബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കാൻ തീരുമാനിച്ചു.

5. റേഡിയേഷനുമായി ബന്ധപ്പെട്ട ആശുപത്രി ജീവനക്കാർക്ക് ശമ്പളത്തോടുകൂടി ഒരു വർഷം 15 ദിവസത്തെ റേഡിയേഷൻ ലീവ്, അതുമൂലം ഉണ്ടാകുന്ന ഒഴിവ് ഇന്റേണൽ അറേഞ്ച്മെന്റ് വഴി പരിഹരിച്ച് പ്രവർത്തിക്കണമെന്ന വ്യവസ്ഥയോടെ അനുവദിക്കാൻ തീരുമാനിച്ചു.

6. ജീവനക്കാരുടെ കരട് സീനിയോറിറ്റി ലിസ്റ്റ് 28.02.2013 ന് മുമ്പായി പ്രസിദ്ധീകരിക്കാനും അതിനുമേലുള്ള തടസ്സവാദങ്ങൾ 31.03.2013 വരെ സ്വീകരിക്കാനും യോഗത്തിൽ ധാരണയായി.

(ബി) പ്രസ്തുത തീരുമാനങ്ങളിൽ ഏതെല്ലാം നടപ്പിലാക്കി;

(സി) ഏതൊക്കെ തീരുമാനങ്ങൾ നടപ്പിലാക്കിയില്ല; കാരണം വ്യക്തമാക്കാമോ?

(ബി) യും (സി) യും പ്രസ്തുത തീരുമാനങ്ങളെല്ലാം നടപ്പിലാക്കി.

സെക്ഷൻ ഓഫീസർ